LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലുണ്ടായ വാഹനാപകടങ്ങളിൽ മരണപ്പെട്ടവർ

64 [1640] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ൽ കോഴിക്കോട് ജില്ലയിൽ വാഹനാപകടംമൂലം എത്രപേർ മരിച്ചിട്ടുണ്ടെന്ന് അവരുടെ പേരുവിവരം സഹിതം വ്യക്തമാക്കാമോ;

(ബി) മരിച്ചവരുടെ ആശ്രിതർക്ക് സർക്കാരിൽ നിന്നും എന്തെങ്കിലും ആശ്വാസം നൽകിയിട്ടുണ്ടോ; എങ്കിൽ അവർക്ക് ഓരോരുത്തർക്കും നൽകിയ സംഖ്യ എത്രയാണെന്ന് അറിയിക്കാമോ;

(സി) ഇനിയും എത്രപേർക്ക് ഇത്തരം ആനുകൂല്യം നൽകാനുണ്ട്;

(ഡി) ഇല്ലെങ്കിൽ ആനുകൂല്യം നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) 2003-ൽ കോഴിക്കോട് ജില്ലയിൽ വാഹനാപകടത്തിൽ 244 പേർ മരിച്ചിട്ടുണ്ട്. അവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) മരിച്ചവരുടെ ആശ്രിതർക്ക് അവരിൽ നിന്നും അപേക്ഷ ലഭിച്ചതനുസരിച്ച് ആറുപേർക്ക് 1,000 രൂപാ വീതം ധനസഹായം നൽകിയിട്ടുണ്ട്.

(സി) 19 അപേക്ഷകരിൽ ഇനിയും 13 പേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അർഹതപ്പെട്ടവർക്ക് ആനുകൂല്യം നൽകാറുണ്ട്.

മുംബൈ തീവണ്ടി അപകടത്തിൽ മരിച്ച കേരളീയർ

65 [1641] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്തായി മുംബൈയിൽ ഉണ്ടായ തീവണ്ടി അപകടത്തിൽ എത്ര കേരളീയർ മരിച്ചിട്ടുണ്ടെന്നും, എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്കും പരിക്കു പറ്റിയവർക്കും സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം സഹായം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് പ്രത്യേക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) രണ്ട് കേരളീയർ മരിച്ചിട്ടുണ്ട്. അബ്ദുൾ നാസീർ മൊഹമ്മദ് കുഞ്ഞിയും, ശങ്കർ മഹാലിംഗ റായിയും. സാരമായി പരിക്ക് പറ്റിയവർ ശ്രീകമലേഷ് ഭാൽടിയും, ശ്രീ. സി. വി. നാസറുമാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.